# ഇസ്രായേൽ കോൺസ്യൂൾ ജനറൽ മേയറെ സന്ദർശിച്ചു



കൊച്ചി നഗരത്തിലെ യഹൂദ സംസ്കാരവുമായി ബന്ധപ്പെട്ട തിരുശേഷിപ്പുകൾ സംരക്ഷിക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുമായി ചേർന്ന് പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് കോൺസ്യൾ ജനറൽ താത്പര്യം പ്രകടിപ്പിച്ചു. കൂടാതെ, കൊച്ചി നഗരത്തിന്റെ സമഗ്ര വികസനത്തിന് പ്രത്യേകിച്ച് സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായങ്ങളും നൽകും എന്ന് ഇസ്രായേൽ കോൺസ്യൂൾ ജനറൽ ങ്ങ. ഥമലഹ ഒമവെമ്ശഹ അറിയിച്ചു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സന്ദർശിച്ച് മേയർ സൗമിനി ജെയിൻ – മായി നടത്തിയ കൂടിക്കാഴ്ച്ചയിലാണ് കൊച്ചിയുടെ വികസനത്തിന് ഇസ്രായേൽ സഹായം കോൺസ്യൂൾ ജനറൽ വാഗ്ദാനം ചെയ്തത്.

ചടങ്ങിൽ കൗൺസിലർ ശ്രീ. ഡേവിഡ് പറമ്പിത്തറ, സി–ഹെഡ് ഡയറക്ടർ ഡോ. രാജൻ ചേടമ്പത്ത് എന്നിവർ പങ്കെടുത്തു.